**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** **13.12.2018 - ൽ മറുപടിക്ക്.**
**ചോദ്യം നമ്പർ : 4223**

# വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന ഭൂമി

<u>ചോദ്യം</u>

ശ്രീ. ജോൺ ഫെർണാണ്ടസ്
ശ്രീ. ജോർജ് എം. തോമസ്
ശ്രീ. എം. മുകേഷ്
ശ്രീ. ബി. സത്യൻ

<u>മറുപടി</u>

**ശ്രീ. ഇ. പി. ജയരാജൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് ഏതെല്ലാം ഏജൻസികളാണെന്ന് വ്യക്തമാക്കാമോ ; | (എ) : വ്യവസായ വാണിജ്യ വകുപ്പ് കൂടാതെ സംസ്ഥാനത്ത് വ്യവസായ ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ, കിൻഫ്ര, സിഡ്കോ, ഇൻകെൽ തുടങ്ങിയ ഏജൻസികളാണ്. |
| (ബി) വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് ; | (ബി) : വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി പുതിയ സംരംഭകർക്ക് അവ അനുവദിച്ച് നൽകുന്ന നടപടികൾ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ വഴി നടന്നു വരുന്നുണ്ട്. |
| (സി) ഉപയോഗിക്കാതെ കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും കണ്ടെത്തി റിപ്പോർട്ട് ചെയ്യാൻ ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ;<br>(ഡി) ഇങ്ങനെ കണ്ടെത്തുന്ന സ്ഥലങ്ങളിൽ വ്യവസായം ആരംഭിക്കുന്നതിന് പുതിയ അപേക്ഷകൾ ലഭിച്ചാൽ അതിന്മേൽ കാലതാമസം കൂടാതെ തീരുമാനമെടുത്ത് കേരളത്തെ വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുമോ എന്ന് വ്യക്തമാക്കുമോ ? | (സി) & (ഡി) : ഉണ്ട്.<br>സംസ്ഥാനത്തെ വ്യവസായ എസ്റ്റേറ്റുകളിൽ ഉപയോഗിക്കാതെ കിടക്കുന്ന മുഴുവൻ സ്ഥലങ്ങളും നിലവിലുള്ള നിയമങ്ങൾക്ക് വിധേയമായി തിരിച്ചെടുക്കുന്നുണ്ട്. ഇങ്ങനെ തിരിച്ചെടുക്കുന്ന സ്ഥലങ്ങളിൽ വ്യവസായം ആരംഭിക്കുന്നതിനു വേണ്ടി ലഭിക്കുന്ന അപേക്ഷകൾ ജില്ലാതല കമ്മിറ്റി പരിഗണിച്ച് യോഗ്യരായ സംരംഭകരുടെ മുൻഗണനാ ലിസ്റ്റ് കാലതാമസം കൂടാതെ തന്നെ തയ്യാറാക്കുകയും ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത അപേക്ഷകർക്ക് ഭൂമി അനുവദിച്ചു വരികയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.